**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **17-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഗവ. വനിതാ കോളേജിന് കിഫ്ബി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ച കിഫ്ബി ഫണ്ടിൽ നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ; | (എ) | 04-11-2020, 27-03-2023 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം, മലപ്പുറം ഡൌൺഹിൽ ഗവ.വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിൽ അക്കാഡമിക് ബിൽഡിംഗ്, കാന്റീൻ-കം-കോ-ഓപ്പറേറ്റീവ് സ്റ്റോർ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ നടപ്പാക്കുന്നതിന് 18.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തദനുസരണം പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ കിറ്റ്കോ 03-08-2023-ൽ ടി പ്രവൃത്തിക്ക് 18.58 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളതും പ്രവൃത്തി ടെൻഡർ ചെയ്തിട്ടുള്ളതുമാണ്. ടെൻഡർ ചെയ്തതിലൂടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ L1 bidder ആയി കണ്ടെത്തിയെങ്കിലും ടി കരാറുകാരനുമായി കിറ്റ്കോ കരാറിൽ ഏർപ്പെടാതിരിക്കുകയും ഇതിലുണ്ടായ കാലതാമസം മൂലം കരാറുകാരൻ പിന്മാറുകയും ചെയ്തു. ഡി.എസ്.ആർ 2018 നിരക്കിലുള്ള തുകയ്ക്കാണ് കിറ്റ്കോ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത് എന്നതിനാൽ പുതുക്കിയ ഡി.എസ്.ആർ (ഡി.എസ്.ആർ 2021) പ്രകാരമുള്ള തുകയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു ശേഷം, പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്ത് യോഗ്യമായ കരാറുകാരനെ കണ്ടെത്തി വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികളുമായി കിറ്റ്കോ - യ്ക്ക് മുന്നോട്ട് പോകാവുന്നതാണ്. ഇതിനുള്ള അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ ഡി.എസ്.ആർ 2018 നിരക്കിലുള്ള തുകയ്ക്കാണ് കിറ്റ് കോ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത്. ഡി.എസ്.ആർ നിരക്ക് പുതുക്കിയതിനെത്തുടർന്ന് ഡി.എസ്.ആർ 2021 പ്രകാരമുള്ള തുകയ്ക്ക് സാങ്കേതികാനുമതി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോയ്ക്ക് സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിടനിർമ്മാണ നടപടികൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡി.എസ്.ആർ 2021 പ്രകാരമുള്ള തുകയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം പദ്ധതി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളുമായി കിറ്റ്കോ - യ്ക്ക് മുന്നോട്ട് പോകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ